17/12/2023 ഡൺസ്റ്റനച്ചന്റെ മാധ്യസ്ഥത്തിൽ ലഭിച്ച അനുഗ്രഹത്തിന് ഉപകാരസ്മരണ.

2023 ജനുവരി 27 ന് ആണ് ഞങ്ങൾക്ക് രണ്ടാമത്തെ മകൻ പിറന്നത്. 7ാം മാസത്തിലാണ് അവനെ പ്രസവിച്ചത്. കുഞ്ഞ് മാസം തികയാത്തതിനാൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്ന് ഡോക്ടർ പറഞ്ഞിരുന്നു. എന്നാൽ ജനനത്തിനു ശേഷം പരിശോധനയിലാണ് കുഞ്ഞിന്റെ അന്നനാളം 10 cm മാത്രം വളർച്ച ഉള്ളു എന്ന് മനസ്സിലായത്. 'Esophageal Atresia' എന്നാണ് ഈ അവസ്ഥക്ക് പറയുന്നത്. അന്നനാളം പൂർണമായും വളർച്ചയില്ലാത്തതു കൊണ്ട് പാൽ കുടിക്കുവാനോ, ഉമിനീര് പോലും ഇറക്കാൻ സാധിക്കുമായിരുന്നില്ല.

അമല ആശുപത്രിയിൽ ആയിരുന്നു പ്രസവം, കുഞ്ഞിന്റെ ചികിത്സക്കു വേണ്ടി ജനുവരി 29 ന് ഞങ്ങൾ അമൃത ആശുപത്രിയിലേക്ക് പോയി. കുഞ്ഞ് വെന്റിലേറ്ററിലാണ് കഴിഞ്ഞിരുന്നത്. ഉമിനീര് പുറത്തേക്ക് വലിച്ചെടുക്കുകയായിരുന്നു. ജനുവരി 31 ാം തിയ്യതി കുഞ്ഞിന് പാൽ നൽകാനായി ഒരു ശസ്ത്രക്രിയ നടത്തി (Gasostomy). ആമാശയത്തിൽ ഒരു ട്യൂബ് ഇട്ട് അതിലൂടെയാണ് പിന്നീട് പാൽ സിറിഞ്ച് ഉപയോഗിച്ച് നൽകിയിരുന്നത്.

1.5 kg മാത്രം തൂക്കം ഉണ്ടായിരുന്നുള്ളൂ, അതുകൊണ്ട് ഓപറേഷൻ ചെയ്യാൻ റിസ്ക് വളരെ കൂടുതൽ ആയിരുന്നു. പിന്നീട് ഒരു മാസത്തോളം ട്യൂബ് വഴിയാണ് പാൽ കൊടുത്തത്. ഇതിനിടയിൽ കുഞ്ഞിന്റെ സ്കാനിംങ് റിപ്പോർട്ടിൽ അന്നനാളം വളരുന്നതായി കാണപ്പെട്ടു. ഒരു മാസത്തോളം NICU ൽ കിടന്നു. അതിനിടയിൽ പല തവണ ഇൻഫെക്ഷൻ വന്നു, Genetic test കൾ നടത്തി. മൂന്നാം തവണ സ്കാനിംങ്ങിൽ അന്നനാളം കുറെകൂടി വളർന്നതായി കാണപ്പെട്ടു. February 28 ാം തിയ്യതി കുഞ്ഞിന് രണ്ടാമത്തെ ശസ്ത്രക്രിയ നടത്തി. അന്നനാളവും ആമാശയവും തമ്മിൽ ബന്ധിപ്പിക്കുന്ന ശസ്ത്രക്രിയ ആയിരുന്നു അത്. കുറെ മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയ ആയിരുന്നു, അത് വിജയകരമാകുമോ എന്ന് ഒന്നും ഡോക്ടർ ഉറപ്പ് നൽകിയിരുന്നില്ല. ദൈവം ഞങ്ങളെ കൈവിടില്ല എന്ന് ഉറച്ച് വിശ്വസിച്ചു.

പിന്നീട് വീണ്ടും ഒരു മാസത്തോളം NICU ൽ തന്നെ ആയിരുന്നു. ഇത്രയും വലിയ ഓപ്പറേഷൻ ആയതിനാൽ അത് കുഞ്ഞിന്റെ ശ്വാസകോശത്തെയും ബാധിച്ചിരുന്നു. Oxygen സപ്പോർട്ട് ആവശ്യമായിരുന്നു.

ഏപ്രിൽ മാസം ആദ്യ ആഴ്ച്ചയിലാണ് കുഞ്ഞിനെ NICU ൽ നിന്ന് വാർഡിലേക്ക് മാറ്റിയത്. പിന്നീട് രണ്ട് ആഴ്ച്ചയ്ക്കു ശേഷം വീട്ടിലേക്ക് വന്നു.

May മാസം ആദ്യ ആഴ്ച്ചയിൽ വീണ്ടും കുഞ്ഞിന് പാൽ ഇറക്കാൻ സാധിക്കാതെ വന്നു, അങ്ങനെ വീണ്ടും അമൃതയിലേക്ക് പോയി. അന്നാളും ശസ്ത്രക്രിയ വഴി യോജിപ്പിച്ച ഭാഗം ചുരുങ്ങിയതായിരുന്നു. 5 ദിവസത്തോളം പാൽ കൊടുക്കാതെ, ഡ്രിപ്പ് മാത്രം നൽകുകയായിരുന്നു. ചെറിയ തോതിൽ ഇൻഫെക്ഷൻ വന്നു. 5ാം ദിവസം dilation ചെയ്തു പാൽ കൊടുക്കാൻ ആരംഭിച്ചു.

ഈ സമയങ്ങളിൽ എല്ലാം ഒരുപാട് വേദനയിലൂടെ ആണ് ഞങ്ങൾ എല്ലാവരും കടന്നുപോയത്. ഒരുപാട് പേരുടെ പ്രാർത്ഥന ഞങ്ങൾക്ക് പ്രതീക്ഷ കൈവിടാതെ ഇതെല്ലാം നേരിടാൻ ശക്തി പകർന്നു നൽകി. ഞങ്ങൾക്കു വേണ്ടി Father Dustan നോട് പ്രത്യേകം മാധ്യസ്ഥം പ്രാർത്ഥിച്ച ജൂലി സിസ്റ്റർക്ക് പ്രത്യേകം നന്ദി. ഇപ്പോൾ എന്റെ കുഞ്ഞിന് 10 മാസം പ്രായമായി, പൂർണ്ണ ആരോഗ്യവാനായി കഴിയുന്നു. തീർച്ചയായും ദൈവം ഞങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ച വലിയ അത്ഭുതമാണ് ഞങ്ങളുടെ കുഞ്ഞ്. May 27ാം തിയതി അവന് മാമ്മോദീസ നൽകി, 'ആന്റണി' (Nectar) എന്ന് പേര് നൽകി.

ഞങ്ങളുടെ കുഞ്ഞിന് പൂർണ്ണ ആരോഗ്യത്തോടെ നൽകിയതിന് പരിശുദ്ധ അമ്മയ്ക്കും, Dunstan അച്ചനും ഒരായിരം നന്ദി.

യേശുവേ നന്ദി.

ANITA CHRIS (അമ്മ)

[signature]

SHINE FRANCIS (അപ്പൻ)

[signature]

17/12/2023

ഇടക്കളത്തൂർ ഹൗസ്
പേരാമംഗലം P.O
തൃശ്ശൂർ.